(ബി) ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന്റെ പ്രധാന കെട്ടിട നിർമ്മാണം നടത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ)യും (ബി)യും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് പ്രധാന കെട്ടിടം നിർമ്മിക്കുന്നതിന് 950 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കല്ലംപാറ പാലം പുതുക്കി പണിയാൻ നടപടി

73 [672] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിന്റെ നവീകരണ പ്രവൃത്തിയോടൊപ്പം വീതികുറഞ്ഞ കല്ലംപാറ പാലം പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പാലം പുതുക്കി പണിയുന്നതിന് എൽ. ബി. എസ്. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എസ്റ്റിമേറ്റ് തുകയെത്രയാണെന്നും, പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പാലം പുതുക്കി പണിയുന്ന പ്രവൃത്തി റോഡ് പ്രവൃത്തിയോടൊപ്പം സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പാലം പുതുക്കി പണിയുന്നതിന് 250 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി നബാർഡ് സഹായത്തിനായി സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) യും (സി) യും (ഡി)യും എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കിയതിനു ശേഷം അനന്തര നടപടികൾ ആരംഭിക്കുന്നതാണ്.

കോഴിക്കോടിനും കണ്ണൂരിനുമിടയ്ക്കുള്ള റെയിൽവേ ഗേറ്റുകളിൽ മേൽപ്പാലം പണിയുന്നതിനുള്ള നടപടി

74 [673] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിനും കണ്ണൂരിനുമിടയ്ക്കുള്ള റെയിൽവേ ഗേറ്റുകളിൽ മേൽപ്പാലം പണിയുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly